പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 187 — 26/09/2011 ൽ മറുപടിക്ക്

## വിലവർദ്ധനവും ഒരു രൂപ നിരക്കിലുള്ള അരി വിതരണവും

**ചോദ്യം**
ശ്രീ.എം.വി.ശ്രേയാംസ് കുമാർ

**ഉത്തരം**
ശ്രീ. ടി.എം.ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) ഈ ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(എ) 2011 സെപ്തംബർ 1 മുതൽ സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ **20.57** ലക്ഷം ബി.പി.എൽ/ എ.എ.വൈ കുടുംബങ്ങൾക്ക് കിലോഗ്രാമിന് 1/- രൂപ നിരക്കിൽ അരി വിതരണം ചെയ്തു തുടങ്ങി. **42.86** ലക്ഷം എ.പി.എൽ കുടുംബങ്ങൾക്കും **14.61** ലക്ഷം ബി.പി.എൽ കുടുംബങ്ങൾക്കും **2/-** രൂപ നിരക്കിൽ ഗോതമ്പും നല്കി വരുന്നു. കൂടാതെ എ.പി.എൽ. കുടുംബങ്ങൾക്ക് 12 കിലോ അരിയും 3 കിലോ ഗോതമ്പും പ്രതിമാസം വിതരണം ചെയ്യുന്നുണ്ട്. ഈ ഓണക്കാലത്ത് അരിയുടെ വിലവർദ്ധനവ് തടയാൻ ഈ നടപടികൾ മൂലം കഴിഞ്ഞിട്ടുണ്ട്. ഇതു കൂടാതെ കിലോഗ്രാമിന് 13.50 രൂപ നിരക്കിൽ 1/- കിലോ പഞ്ചസാര എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ കാർഡുടമകൾക്കും ഓണം സ്പെഷ്യലായി വിതരണം ചെയ്തു വരുന്നുണ്ട്. ഇതിനുപുറമേ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശ്ക്തിപ്പെടുത്തി പൊതുവിപണിയേക്കാൾ ശരാശരി **50%** വരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്തു. പ്രദേശികമായി, ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി(മട്ട,ബോധന,പച്ചരി)ക്ക് കിഗ്രാമിന് 16 രൂപ നിരക്കിൽ വിതരണം ചെയ്തു. ഓണക്കാലത്ത് എല്ലാ നിയോജകമണ്ഡലങ്ങളിലും പ്രത്യേക ഓണചന്തകളും ഫെയറുകളും പ്രവർത്തിച്ചിരുന്നു. സപ്ലൈകോ വിൽപ്പന ശാലകൾ വഴിയും പ്രത്യേക ഓണചന്തകൾ / ഫെയറുകൾ വഴിയും മിതമായ വിലകൾക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ചതുമൂലം വിപണിയിലെ വില നിലവാരം ഒരു വലിയ പരിധി വരെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്.

പച്ചക്കറികളുടെ വിലയിൽ ഉണ്ടയേക്കാവുന്ന വിലവർദ്ധനവ് തടയുന്നതിലേയ്ക്കായി സപ്ലൈകോയുടെ തെരഞ്ഞെടുക്കപ്പെട്ട സൂപ്പർ മാർക്കറ്റുകളിലും ഹൈപ്പർ മാർക്കറ്റിലും,പീപ്പിൾസ് ബസാറുകളിലും,ഓണം പ്രത്യേക ചന്തകളിലും, എല്ലായിനം പച്ചക്കറികളും പൊതുവിപണിവിലയേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തിയിരുന്നു.

(ബി) ഒരു രൂപ നിരക്കിൽ ഏതെല്ലാം ജനവിഭാഗങ്ങൾക്കാണ് അരി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ ബി.പി.എൽ/എ.എ.വൈ കാർഡുടമകൾക്കും കിലോഗ്രാമിന് 1/- രൂപ നിരക്കിൽ അരി വിതരണം നടത്തിയിരുന്നു. കൂടാതെ സർക്കാർ അംഗീകൃത അനാഥാലയങ്ങളിലെ അന്തേവാസികളും ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഈ ഇനത്തിൽ സർക്കാരിന് അധികം വരുന്ന ബാദ്ധ്യത എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) ഒരു രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്നതിനായി 2011-12 വർഷത്തിൽ സംസ്ഥാന സർക്കാരിന് രണ്ട് രൂപ അരി വിതരണ പദ്ധതിക്കായുള്ള സാമ്പത്തിക ബാധ്യക്കു പുറമേ 40.27 കോടി രൂപ അധികമായി ചെലവഴിക്കേണ്ടി വരും.

(ഡി) വയനാട് ജില്ലയിലെ ഏതെല്ലാം വിഭാഗങ്ങളിൽപ്പെട്ട കാർഡുടമകൾക്കാണ് ഒരു രൂപ നിരക്കിൽ അരി നൽകിയതെ-ന്നുള്ളതിന്റെ താലൂക്ക് തല വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(ഡി) വയനാട് ജില്ലയിലെ മുഴുവൻ ബി.പി.എൽ/ എ.എ.വൈ കുടുംബങ്ങൾക്കും 1/-രൂപ നിരക്കിൽ അരി വിതരണം ചെയ്തിരുന്നു. താലൂക്ക് തല വിവരം ചുവടെ ചേർക്കുന്നു.

| താലൂക്ക് | ബി.പി.എൽ കാർഡുകൾ | എ.എ.വൈ കാർഡുകൾ | ആകെ |
|---|---|---|---|
| വൈത്തിരി | 8400 | 11235 | 19635 |
| സുൽത്താൻ ബത്തേരി | 8592 | 15892 | 24484 |
| മാനന്തവാടി | 6392 | 13718 | 20110 |
| ആകെ | 23384 | 40845 | 64229 |

സെക്ഷൻ ഓഫീസർ.